
# ബൈബിൾ സത്യം



# THE BIBLE TRUTH

# FIVE BAPTISMS OF THE NEW TESTAMENT

| | NATURE | PURPOSE | BY | SUBJECTS | ELEMENT | ACT | DURATION |
|---|---|---|---|---|---|---|---|
| JOHN'S | Commandment Lk. 7:29,30 | To prepare for Messiah Jn. 1:31 Lk. 3:3-6 Acts 19:4 | John Mk. 1:5 | Penitent Jews Mk. 1:4,5 | Water Jn. 1:26 | Immersion Mk. 1:10 Jn. 3:23 | Ceased before cross Acts 19:3-5 |
| SUFFERING | Experience Mk. 10:38,39 | 1. To bring salvation. I Pet. 2:24 II Cor. 1:5,6 2. Resulting glory Heb. 12:2 II Tim. 2:12 | Wicked Men Acts 2:23 II Thess. 3:1,2 | 1. Jesus Mk. 10:38 2. His followers Mk. 10:39 | Suffering Mk. 10:39 | Overwhelming Matt. 27:46,50 | 1. On the cross Matt. 27:50 2. Till Jesus returns II Tim. 3:12 |
| HOLY SPIRIT | Promise Acts 1:4,5 | 1. To empower for special work Acts 1:8; Jn. 16:13 Jn. 14:26; II Cor. 12:12 2. To prove God's acceptance of Gentiles Acts 11:15-18 | Christ Matt. 3:11 | 1. Apostles Acts 2:1-4 2. Cornelius' household Acts 11:15,16 | Holy Spirit Matt. 3:11 | Overpowering Matt. 10:19,20 Acts 2:4 | Occurred but twice Acts 2,10 Each a special case |
| FIRE | Warning Mat. 3:11,12 | Punishment Matt. 25:45,46 | Christ Matt. 3:11 | Wicked Matt. 3:10 II Thess. 1:7,8 | Fire Matt. 3:11 | Overwhelming Rev. 20:15 | Everlasting Matt. 25:41 |
| GREAT COMMISSION | Commandment Matt. 28:19 Acts 2:38 | Forgiveness Acts 2:38 I Pet. 3:21 | Disciples Matt. 28:19 | Penitent believers Mk. 16:16 Acts 2:38 | Water Acts 8:36-39 | Immersion Rom. 6:3-5 | Till end Matt. 28:19,20 |

// THE BIBLE TRUTH

Editors

P. K. VARGHESE    J. C. CHOATE

000    000    000

Published by Church of Christ

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

Vol. 13    August    1999    No. 5

## എഡിറ്റോറിയൽ

ആശയ വൈരുദ്ധ്യങ്ങളും അഭിപ്രായ വ്യത്യാസങ്ങളും നിറഞ്ഞു നില്ക്കുന്ന സമൂഹത്തിലാണ് നാം ജീവിക്കുന്നത്. കുടുംബങ്ങൾ തരം തിരിച്ച് പരിശോധിച്ചാൽ ഇതു വ്യക്തമാകും. പരസ്പരം യോജിക്കാൻ കഴിയാത്തതുകൊണ്ടാണല്ലൊ ഇങ്ങനെ സംഭവിക്കുന്നത്. സ്ത്രീകൾക്കിടയിലും, പുരുഷന്മാർക്കിടയിലും കുട്ടികൾക്കിടയിലും ഉണ്ടാകുന്ന ഈ പ്രതിഭാസത്തെ നമുക്ക് അവലോകനം ചെയ്യാം. ഏതു കാര്യവും ചെറുതോ വലുതോ ആകട്ടെ അടിസ്ഥാനപരമായ കാര്യങ്ങളിൽ പോലും അന്യോന്യം ഒരേ രീതിയിൽ എത്തിച്ചേരാൻ കഴിയുന്നില്ല എന്നതു ഖേദകരമാണ്. ഭൗതികമായവയിലും ആത്മീകമായവയിലും ഇതു പ്രകടമാണ്. മനസുകൾ തമ്മിൽ പരസ്പരം വികർഷണാവസ്ഥയിൽ ആയതുകൊണ്ടാണ് ചിന്തകളും വിഭിന്നമാകുന്നത്. മന:ശാസ്ത്രജ്ഞന്മാർ മനസിന്റെ അവസ്ഥാഭേദങ്ങൾ മനസിലാക്കാൻ പല പഠനങ്ങൾ നടത്തിയിട്ടുണ്ട്. അവയൊന്നും ഈ പ്രശ്നത്തിനു പരിഹാരമല്ല. ഓരോ വ്യക്തിയുടേയും അഭിരുചികൾ വേറിട്ടു നില്ക്കും. പാരമ്പര്യമായി ചില സ്വഭാവങ്ങൾ ചിലരിൽ കണ്ടെത്താമെന്നല്ലാതെ എല്ലാം പൊതുവായി ആരിലും കാണുന്നില്ല.

ഈ വൈരുദ്ധ്യ മനോഭാവങ്ങൾക്കു കാരണം എന്താണെന്നു ആദ്യമായി പരിശോധിക്കാം. നമ്മുടെ മനസിലാ

ണല്ലൊ അഭിപ്രായങ്ങളാം നാം രൂപപ്പെടുത്തുന്നത്. അതിൽ പാപം കുടികൊള്ളുന്നു. അതിന്റെ ഫലമായി ദൈവത്തിന്റെ ചിന്താധാരയിൽ നിന്നും നമ്മുടെ മനസു വഴി വിട്ടു ചലിക്കുന്നു. നമ്മുടെ വിചാരങ്ങളെ നമുക്കു നിയന്ത്രിക്കാൻ കഴിയാതവണ്ണം അതിനെ നാം മററൊരാൾക്കു അടിമപ്പെടുത്തി. അവിടെയാണ് വ്യതിചലിക്കപ്പെട്ട മനസിന്റെ ശരിയായ അവസ്ഥ തിരിച്ചറിയുന്നത്. നമ്മയെ മാത്രം കണ്ടുകൊണ്ടു ദൈവം മനുഷ്യനെയും മററെല്ലാത്തിനേയും സൃഷ്ടിച്ചു. ദൈവത്തിനു ഏകാഭിപ്രായം മാത്രമായിരുന്നു ഉണ്ടായിരുന്നത്. പക്ഷേ മനുഷ്യ മനസിൽ എപ്പോൾ സംശയത്തിന്റേയും അഹന്തയുടേയും വിത്തു പാകിയോ അപ്പോൾ മുതൽ ചിന്തകൾ വിരുദ്ധമായി തീരാൻ തുടങ്ങി. തൽഫലമായി ക്ലേശവും കടന്നു വന്നു. മനസിന്റെ ഏകാഗ്രത നഷ്ടപ്പെടുത്തുന്നതു അധർമ്മമാണ്. അതിനെ തുടർന്ന് അങ്ങനെ ഭയവും കടന്നു വരുന്നു. സ്ഥിരമായ മനസാണ് എല്ലാവർക്കും ഉണ്ടാകേണ്ടത്. അങ്ങനെയുള്ള മനസിൽ ഉറച്ച വിശ്വാസവും ഉണ്ടായിരിക്കും. ശക്തമായ മനസുണ്ടെങ്കിൽ നമ്മുടെ തീരുമാനം ഉറച്ചതായിരിക്കും.

നുറുങ്ങിയതും തകർന്നതുമായ മനസുള്ളവർക്കു എങ്ങനെ യോജിച്ച തീരുമാനമെടുക്കാൻ കഴിയും ? അതാണ് പ്രശ്നം. കുടുംബങ്ങൾ തകരാൻ കാരണം അതാണ്. ഐക്യത കൈവരിക്കാൻ കഴിയാതെ വരുന്നു. അഭിപ്രായ ഭിന്നത, തമ്മിലുള്ള അവിശ്വാസവും ഞാൻ എന്ന ഭാവവും ഉയർന്നു നില്ക്കുന്നു. ഉപേക്ഷിക്കേണ്ടതു ഉപേക്ഷിച്ചാൽ മാത്രമെ സ്വീകരിക്കേണ്ടതു സ്വീകരിക്കാൻ കഴിയു. വിശ്വാസ പൂർവ്വം ദൈവ നിയമത്തെ അനുസരിക്കാൻ മനസിനെ ദൈവത്തിനായി വിട്ടുകൊടുക്കണം. അപ്പോൾ നമ്മുടെ മനസു പുതുക്കം പ്രാപിക്കും. ചിന്തകൾ ഏകീഭവിക്കും.

★

# സഭ സ്ഥാപിച്ചത് ആര് ?

## J.C. ചോട്ട്

ഞാൻ ഒരു വീടു വാങ്ങുകയാണെങ്കിൽ അതിനു ഞാൻ പണം കൊടുക്കും. അതെന്റെ പേരിലായിരിക്കും; അതിന്റെ ഉടമസ്ഥാവകാശവും എനിക്കായിരിക്കും. ഞാൻ ഒരു കാർ വാങ്ങുകയാണെങ്കിൽ അതു രജിസ്റ്റർ ചെയ്യുന്നതു എന്റെ പേരിലായിരിക്കും. അതു എന്നെ സംബന്ധിച്ചും നിങ്ങളെ സംബന്ധിച്ചും മററെല്ലാവരെ കുറിച്ചും വാസ്തവമായിരിക്കും. ഏതിന്റെയും ഉടമസ്ഥത വളരെ വ്യത്യാസം ജനിപ്പിക്കുന്നു.

തന്റെ സഭ അവൻ പണിയുമെന്നു ക്രിസ്തു പറഞ്ഞു (മത്തായി 16:18). അപ്പൊസ്തലന്മാരാൽ അവൻ അതു നിർവ്വഹിച്ചു (പ്രവൃത്തി 2). അതിന്റെ നിർമ്മാണത്തിനായി അവൻ മരിച്ചു. സഭയ്ക്കു വേണ്ടി മരിച്ചത് ക്രിസ്തുവല്ലാതെ മററാരുമല്ല (എഫെസ്യർ 5:25). തന്റെ രക്തം കൊടുത്തു സഭയെ വിലെക്കു വാങ്ങി. അപ്പൊസ്തലനായിരുന്ന പൌലൊസ് എഫെസൊസിലെ മൂപ്പന്മാരോടു പറയുന്നതു: നിങ്ങളെതന്നെയും താൻ സ്വന്ത രക്തത്താൽ സമ്പാദിച്ചിരിക്കുന്ന ദൈവത്തിന്റെ സഭയെ മേയ്പാൻ പരിശുദ്ധാത്മാവ് നിങ്ങളെ അദ്ധ്യക്ഷരാക്കി വെച്ച ആട്ടിൻകൂട്ടം മുഴുവനെയും സൂക്ഷിച്ചുകൊൾവിൻ എന്നാണ് (പ്രവൃത്തി 20:28). യേശുക്രിസ്തു സഭയ്ക്കു വേണ്ടി മരിക്കുകയും വിലെയ്ക്കു വാങ്ങുകയും തന്റെ പേരിലും ഉടമസ്ഥതയിലും ആക്കിയിരിക്കുന്നു. അപ്പോൾ അതു ക്രിസ്തുവിനുള്ളതാണ്; അവനാണ് അതിന്റെ സ്ഥാപകനും തലയും. അതു മററാർക്കും ഉന്നയിക്കാൻ കഴിയുകയില്ല.

സഭയുടെ അധികാരി ക്രിസ്തു ആയിരിക്കെ അതു നമ്മുടെ സഭ എന്നു വിളിക്കാവുന്നതല്ല. അതു നിങ്ങളുടെ

സഭ എന്നോ, അല്ലെങ്കിൽ അവരുടെ സഭ എന്നോ ഒന്നും പറയാവുന്നതല്ല. കാരണം, സഭ നമ്മുടെ ആരുടേയും സ്വന്തമല്ല, ക്രിസ്തുവിന്റേതു മാത്രമാണ്. നമ്മാം ആരും സഭയ്ക്കുവേണ്ടി മരിച്ചിട്ടില്ല, വില കൊടുത്തിട്ടില്ല, പണിതിട്ടില്ല. അപ്പോൾ സഭ നമ്മുടേതല്ല എന്നു നിസംശയം പറയാം. മററാരുടെയെങ്കിലും പേരിൽ ഒരു സഭ അറിയപ്പെടുന്നുണ്ടെങ്കിൽ അതു ക്രിസ്തുവിന്റേതല്ല എന്നു തീർത്തു പറയാം. എന്റെ പേരിലുള്ള വീട് മററാരെങ്കിലും വന്നു അതു അയാളുടേതാണെന്നു പറഞ്ഞാൽ ഒരിക്കലും ഞാനതു അംഗീകരിച്ചുകൊടുക്കുകയില്ല. ക്രിസ്തു ഒരേ ഒരു സഭയാണ് പണിതതു. ആ സഭ അവനുള്ളതാണ്. അതിനു മററാരെങ്കിലും അവകാശം പറഞ്ഞു വന്നാൽ അവൻ അതു അംഗീകരിക്കയില്ല. ഇന്നു നമുക്കു ചുററും മനുഷ്യർ അവരുടെ പേരിൽ ആരംഭിച്ചതോ അറിയപ്പെടുന്നതോ ആയ സഭകൾ കാണപ്പെടുന്നുണ്ട്. അവയ്ക്കു നിയമാവലികൾ ഉണ്ടാക്കിയിരിക്കുന്നതും അവർ തന്നെയാണ്. അവർ പരോക്ഷമായി ക്രിസ്തുവിനെയും അവന്റെ സഭയെയും അവന്റെ നിയമത്തെയും അവഗണിച്ചിരിക്കയാണ്. തിരുവെഴുത്തിനു അന്യമായ ആരാധനയും, സംഘടനയും അംഗത്വ നിയമവും മാനുഷിക തലയും വെച്ചു പുലർത്തുന്നവർ കർത്താവിന്റെ സഭ അല്ല എന്നതു തീർച്ചയാണ്. അപ്പോൾ അങ്ങനെയുള്ള സഭയിൽ നിലനിന്നാൽ കർത്താവു വരുമ്പോൾ സ്വർഗ്ഗത്തിൽ പോകാമെന്നു വിചാരിക്കുന്നതു എത്ര മൗഢ്യമാണ്!

ഞാൻ എന്റെ സഭ പണിയുമെന്നു കർത്താവു ഏകവചനത്തിലാണ് പറഞ്ഞിരിക്കുന്നത്. അതായതു ക്രിസ്തുവിനു ഒരേ ഒരു സഭ മാത്രമാണുള്ളത്. സഭകൾ പണിയുമെന്നല്ല പറഞ്ഞതു. എത്ര ലളിതവും എളുപ്പവുമാണ് അതു മനസിലാക്കുവാൻ. എന്നിട്ടും മനുഷ്യർ അതു ഗണ്യമാക്കാതെ നൂറു കണക്കിനും ആയിരക്കണക്കിനും സഭകൾ പല പേരിലും സമയത്തുമായി തുടങ്ങി വെച്ചിരി

ക്കയാണ്. പൌലൊസ് അപ്പൊസ്തലൻ പറയുന്നതു ഏക ശരീരം മാത്രമാണെന്നാണ് (എഫെസ്യർ 4:4). ആ ശരീരം സഭയാണെന്നും അതിന്റെ തല ക്രിസ്തുവാണെന്നും ബോധ്യമായിരിക്കുന്നു (എഫെസ്യർ 1:22-23; കൊലൊസ്യർ 1:18). സഭ എന്തു ചെയ്യണം, എങ്ങനെ പ്രവർത്തിക്കണം എന്നു തുടങ്ങിയ നിയമങ്ങൾ നല്കുവാൻ ക്രിസ്തുവിനു മാത്രമെ അധികാരമുള്ളു (മത്തായി 28:18). ദൈവം ഒന്ന്, കർത്താവ് ഒരുവൻ, വിശ്വാസം ഒന്ന്, സ്നാനം ഒന്ന് എന്നിങ്ങനെ എല്ലാം ഏക ഭാവത്തിൽ ദൈവം രൂപപ്പെടുത്തിയിരിക്കയാണ്. അതു തിരിച്ചറിയാതെ മനുഷ്യർ അവരുടെ ഇഷ്ടമനുസരിച്ച് പല രീതിയിൽ മാററം വരുത്തിയിരിക്കുന്നു. എത്ര ഖേദകരമെന്നു ചിന്തിച്ചു നോക്കുക.

ദൈവ ഹിതമനുസരിച്ചു പ്രവർത്തിക്കേണ്ടതാണ് കർത്താവിന്റെ സഭ. ഒരു ഭാര്യ തന്റെ ഭർത്താവിനു സകലത്തിലും കീഴ്പ്പെട്ടിരിക്കുന്നതുപോലെ സഭ ക്രിസ്തുവിനു സകലത്തിലും കീഴ്പ്പെട്ടിരിക്കണം. അക്ഷരികമായി തന്നെ സഭയെ ആ രീതിയിൽ കാണുന്നതിനു ഒരു പ്രയാസവുമില്ല. ആർക്കും മനസിലാകത്തക്ക ഭാഷയിലാണ് ദൈവം അതു വെളിപ്പെടുത്തിയിരിക്കുന്നത്. നിങ്ങൾക്കു മനസിലാക്കാൻ ബുദ്ധിമുട്ട് ഉണ്ടോ ? ഗ്രഹിക്കണമെന്ന ഉദ്ദേശത്തോടെ ബൈബിൾ നിഷ്പക്ഷമായി വായിച്ചാൽ മനസിലാകും.

കർത്താവു പണിയുമെന്നു വാഗ്ദാനം ചെയ്തതും സ്ഥാപിച്ചതും ആയ സഭയെ ഇന്നു നമുക്കെവിടെ കണ്ടെത്താൻ കഴിയും എന്നു സംശയിക്കുന്നവർ കണ്ടേക്കാം. അതു തിരുവെഴുത്തു പരിശോധിച്ചാൽ കണ്ടെത്താവുന്നതേയുള്ളു. വേദഭാഗങ്ങൾ ആരായുകയാണ് വേണ്ടത്. സഭയെ കുറിച്ചു പറഞ്ഞിരിക്കുന്ന വാക്യങ്ങൾ കണ്ടെത്തി അതിന്റെ അടയാളങ്ങൾ എല്ലാം തിട്ടപ്പെടുത്തുക. എന്നിട്ട് ഈ അടയാളങ്ങൾ ഉള്ള സഭ നമ്മുടെ സമൂഹത്തിൽ എവി

ടെയാണ് ഉള്ളതെന്ന് അന്വേഷിച്ച് കണ്ടെത്തുക. സഭ എന്താണെന്നും എന്തല്ലായെന്നും ബൈബിളിൽ നിന്നു പഠിക്കണം. കർത്താവിൻേറതല്ലാത്ത സഭ ഏതെന്നു ഉള്ള വ്യത്യാസവും അറിഞ്ഞിരിക്കണം. ഏതൊരു ഭാര്യക്കും എത്ര ആൾക്കൂട്ടത്തിൽ വെച്ചും അവളുടെ ഭർത്താവിനെ തിരിച്ചറിയാം. അതുപോലെ ഏതൊരു ഭർത്താവിന്നും ആൾക്കൂട്ടത്തിൽ വെച്ചു അവൻെറ ഭാര്യയെ തിരിച്ചറിയാൻ വിഷമമില്ല. അതുകൊണ്ടു ലോകത്തിൽ ധാരാളം സഭകൾ കണ്ടേക്കാം. എന്നാൽ കർത്താവിനെ കണ്ടെത്തുകയാണ് നമ്മുടെ ലക്ഷ്യം. ക്രിസ്തുവിനു ഏക സഭയാണുള്ളത്. ആ സഭയുടെ തിരിച്ചറിയാവുന്ന അടയാളങ്ങൾ പുതിയ നിയമത്തിൽ നിന്നു നിങ്ങൾ വായിച്ച് മനസിലാക്കണം. മനുഷ്യരുടേതും കർത്താവിൻേറതും തമ്മിൽ ഉള്ള വ്യത്യാസം പ്രകടമാണ്.

ക്രിസ്തു പണിത ഏക സഭയുടെ രക്ഷിതാവാണ് അവൻ (എഫെസ്യർ 5:28). കർത്താവു ലോക രക്ഷിതാവമണ്; അവനെ അനുസരിക്കുന്നവരുടെ രക്ഷകനാണെന്നു എടുത്തു പറയേണ്ടിയിരിക്കുന്നു. സ്വർഗ്ഗസ്ഥനായ പിതാവിനു ആ സഭയെ ഏല്പിച്ചു കൊടുക്കാനാണ് രക്ഷകൻ വീണ്ടും വരുന്നത്. അതിനാൽ ആ സഭയിലായില്ലെങ്കിൽ അന്ത്യനാളിലെ വീണ്ടെടുപ്പിൽ ഉൾപ്പെടുകയില്ല. സ്വർഗ്ഗത്തിൽ പോകണമെങ്കിൽ അതു ഒഴിച്ചു കൂടാനാവാത്തതുമാണ് (യോഹന്നാൻ 14:1-6; 1 കൊരിന്ത്യർ 15:24). നിങ്ങൾ, കർത്താവു സ്ഥാപിച്ച സഭയിൽ അംഗമായി തീർന്നിട്ടുണ്ടോ ? അങ്ങനെ അല്ലെങ്കിൽ, കർത്താവിൻെറ സഭയിൽ അംഗമായി തീരണമെന്നാണ് ഞങ്ങളുടെ പ്രാർത്ഥന. അതിനു നിങ്ങൾ, രക്ഷിക്കപ്പെടുവാൻ കർത്താവു കല്പിച്ചിട്ടുള്ള കല്പനകളെ വിശ്വാസപൂർവ്വം അനുസരിക്കുക (മർക്കൊസ് 16:16) അപ്പോൾ കർത്താവു നിങ്ങളെ രക്ഷിച്ച് സഭയോട് ചേർക്കും (പ്രവൃത്തി 2:47).

★

# മനുഷ്യന്റെ മുഖ്യ സമാപ്തി

**W. A. ഹാലേ**

മനുഷ്യരുടെ ജീവിതത്തെ യഥാർത്ഥമായി ഗ്രഹിക്കുന്നവരും ഗ്രഹിക്കാത്തവരും ഉണ്ട്. എന്നാൽ ദൈവം എന്തുദ്ദേശത്തോടെ മനുഷ്യരെ ജീവിക്കാൻ അനുവദിച്ചിരിക്കുന്നുവോ അതാണ് പ്രാധാന്യമർഹിക്കുന്നത്; അതാണ് എല്ലാവരും തിരിച്ചറിയേണ്ടതും. ശലോമോൻ ദൈവത്തിൽ നിന്നു ലഭിച്ച ജ്ഞാനത്തിൽ അതു മനസിലാക്കി. എല്ലാററിന്റെയും സാരം കേൾക്കുക; ദൈവത്തെ ഭയപ്പെട്ടു അവന്റെ കല്പനകളെ പ്രമാണിക്കുക. ഇതാകുന്നു സകല മനുഷ്യർക്കും വേണ്ടുന്നത്. ഈ ലോകത്തുള്ള എല്ലാം മായയെന്നു ശലോമോൻ തിരിച്ചറിഞ്ഞു. മനുഷ്യൻ ചെയ്യുന്ന ഏതു പ്രവർത്തിയായാലും നന്മയായാലും തിന്മയായാലും അതു ന്യായവിസ്താരത്തിൽ വെളിപ്പെട്ടുവരും. (സഭാപ്രസംഗി 12:13-14).

ജീവിതത്തിന്റെ സാരാംശം ഇങ്ങനെ ശലോമോൻ മുഖാന്തരം നമുക്കു കിട്ടി. ജഡികമായ ജീവിതം മാത്രമല്ല നമ്മുടേത്. ജഡത്തേക്കാൾ മഹത്തായ ഒന്നാണ് വാസ്തവത്തിൽ മനുഷ്യർ. ശരീരവും ആത്മാവും എന്നീ രണ്ടു ഘടകങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടാണ് സൃഷ്ടിച്ചിരിക്കുന്നത്. എന്നാൽ ആത്മാവു ശരീരത്തേക്കാൾ വളരെ വിലയുള്ളതാണുതാനും (മത്തായി 10:28; സഭാപ്രസംഗി 12:6,7). മനുഷ്യന്റെ ഭൗതികവും ലൗകികവുമായ നേട്ടങ്ങളിൽ നിന്നു മാത്രം യഥാർത്ഥ ഘടകം കാണാവുന്നതല്ല. ഒരാൾ ഭൗതികമായി ചിന്തിക്കുന്നതു തെററല്ല; പക്ഷെ ഭൗതികമായി മാത്രം ചിന്തിക്കുക എന്നതാണ് തെററ്. ആഹാരം, വസ്ത്രം, പാർപ്പിടം, വിദ്യാഭ്യാസം എന്നിവ തങ്ങളുടെ വീട്ടുകാർക്കും ബന്ധുക്കൾക്കും ആവശ്യമനുസരിച്ചു കൊടുത്താൽ അവർ ജീവിത ലക്ഷ്യത്തിൽ പരമാവധി നേടി എന്നാണ് ചിലരുടെ ധാരണ. എന്നാൽ ആത്മാവിനെ

തൃപ്തിപ്പെടുത്താൻ ഇവയ്ക്കൊന്നും കഴിയുകയില്ല എന്ന കാര്യം അനേക ദശലക്ഷം ആളുകൾ തിരിച്ചറിഞ്ഞു. യേശുക്രിസ്തു പറഞ്ഞതു: സകല ദ്രവ്യാഗ്രഹവും സൂക്ഷിച്ചു ഒഴിഞ്ഞുകൊൾവിൻ; ഒരുത്തന്നു സമൃദ്ധി ഉണ്ടായാലും അവന്റെ വസ്തുവകയല്ല അവന്റെ ജീവന്നു ആധാരമായിരിക്കുന്നതു എന്നത്രെ (ലൂക്കൊസ് 12:15).

ദൈവത്തിന്റെ ഈ സത്യമായ പ്രസ്താവനയെക്കാൾ വലുതായിട്ടൊന്നുമില്ല. വിശ്വസിക്കാവുന്ന പരമാർത്ഥം ഇതാണ്. ഈ ലോകത്തിന്റെ ദൈവം മനുഷ്യരെ പലതുകൊണ്ടും ആകർഷിപ്പിക്കും. കല, ശാസ്ത്രം, തത്വം എന്നിവയാണ് അവയിൽ മുൻ പന്തിയിൽ നില്ക്കുന്നതു. പക്ഷെ ഇവയൊന്നും മനുഷ്യ ഹൃദയങ്ങളുടെ ആവശ്യങ്ങൾ നിറവേററാൻ പര്യാപ്തമല്ല. മനുഷ്യൻ അപ്പം കൊണ്ടു മാത്രമല്ല, ദൈവത്തിന്റെ വായിൽ നിന്നു വരുന്ന സകല വചനങ്ങൾകൊണ്ടും ജീവിക്കുന്നു (മത്തായി 4:4). പ്രിയ വായനക്കാരേ, ഈലോക ജീവിതത്തിനപ്പുറമായി നമുക്കു മറെറാരു ജീവിതമുണ്ട്. നമ്മിലുള്ള ആത്മാവ് എന്നേക്കും ജീവിക്കുന്നു. പ്രവർത്തിക്കുവാനുള്ള കാലം ഇവിടെ മാത്രം. ഈ കാലത്തിനുശേഷം അഥവാ ഒരാളുടെ മരണശേഷം ചിന്തിക്കാൻ കഴിയും. പക്ഷെ പ്രവർത്തിക്കാൻ കഴിയുകയില്ല. ഈ ലോകത്തുള്ളതെല്ലാം പരിശോധിക്കയും ആസ്വദിക്കയും ചെയ്തശേഷം ശലോമോൻ തിരിച്ചറിഞ്ഞതു എല്ലാം മായയായിട്ടാണ് (സഭാപ്രസംഗി 1:14). മനുഷ്യന്റെ മുഖ്യ സമാപ്തി എന്താണെന്നറിയണ്ടേ ? മനുഷ്യന്റെ കടമ ഒന്നു മാത്രമാണ്. ഈ ലോകത്തിൽ നിലവിലുള്ള മനുഷ്യരുടെ യഥാർത്ഥമായ ഉദ്ദേശം എന്തെന്നു നമുക്ക് ആരായാം.

(ശേഷം അടുത്ത ലക്കത്തിൽ)

*

# യേശുവിനെയോ ?

## മെൽ ഫട്ട്റെൽ

മനുഷ്യ പുത്രനെ മനുഷ്യർ ആർ എന്നു പറയുന്നു എന്നു യേശു ഒരിക്കൽ തൻെറ ശിഷ്യന്മാരോടു ചോദിക്കയുണ്ടായി. ചിലർ യോഹന്നാൻ സ്നാപകൻ എന്നും, മററു ചിലർ ഏലിയാവെന്നും വേറെ ചിലർ യിരമ്മ്യാവോ പ്രവാചകന്മാരിൽ ഒരുത്തനോ എന്നും പറയുന്നു എന്നു അവർ പറഞ്ഞു. ഒന്നാം നൂററാണ്ടിൽപോലും യേശു ആരായിരുന്നു എന്ന കാര്യത്തിൽ ജനങ്ങൾക്കിടയിൽ കലക്കമുണ്ടായിരുന്നു. കർത്താവ് ചോദ്യം അവിടെ നിർത്തുന്നില്ല. അവൻ തൻെറ ശിഷ്യന്മാരോടു അതേ ചോദ്യം ചോദിക്കുന്നുണ്ട്. എന്നാൽ നിങ്ങൾ എന്നെ ആർ എന്നു പറയുന്നു എന്നു ചോദിച്ചു. അതിനു പത്രൊസ്: നീ ജീവനുള്ള ദൈവത്തിൻെറ പുത്രനായ ക്രിസ്തു തന്നെ എന്നു ഉത്തരം പറഞ്ഞു (മത്തായി 16:13-16). സഹോദരന്മാരേ, പത്രൊസിൻെറ ഈ ഏററു പറച്ചിലായ പാറമേലാണ് കർത്താവു തൻെറ സഭ പണിയുമെന്നു പറഞ്ഞതു. അതു വളരെ പ്രാധാന്യമർഹിക്കുന്ന കാര്യമാണ്. ആ അടിസ്ഥാനത്തിന്മേലാണ് കർത്താവു തൻെറ സഭ പണിതത്. ആ ചോദ്യം ഏതു കാലഘട്ടത്തിൽ ചോദിച്ചാലും കിട്ടുന്ന ഉത്തരം അതു തന്നെയായിരിക്കും (1 പത്രൊസ് 3:15). ക്രിസ്തുവാണ് സഭയുടെ അടിസ്ഥാനം. പാറമേൽ അടിസ്ഥാനമിട്ടാണ് ബുദ്ധിയുള്ളവർ വീടു പണിയുന്നത്. ക്രിസ്തുവിന്മേലാണ് അവൻെറ സഭ നിലനില്ക്കുന്നത്.

നിർഭാഗ്യവശാൽ യേശുവിനെ കുറിച്ച് തെററിദ്ധാരണകൾ ധാരാളം നിലവിലുണ്ട്. യേശു ഒരു ചരിത്ര പുരുഷൻ മാത്രമായിരുന്നു എന്നു കരുതുന്നവർ ഉണ്ട്. അതായത് അവൻ വാസ്തവത്തിൽ ജീവിച്ചിരുന്നു എന്നു അവർ വിശ്വസിക്കുന്നു. അതുപോലെ വേറെ ചിലർ അവൻെറ ഭൗതിക നിലനില്പിനെ സ്വീകരിക്കയും ദൈവികതയെ

നിഷേധിക്കയും ചെയ്യുന്നു. യേശു ഒരു ചരിത്ര കഥാപാത്രമായിരുന്നോ ? ആയിരുന്നെങ്കിൽ അവൻ വെറും മനുഷ്യൻ മാത്രമായിരുന്നോ അതോ മശിഹ എന്ന ദൈവ പുത്രനായിരുന്നോ ? ഈ ചോദ്യങ്ങൾക്കുത്തരം കണ്ടെത്തുക. ഏതൊരു ചോദ്യത്തിൻേറയും ഉത്തരം വ്യത്യാസം ജനിപ്പിക്കുന്നു. യേശു വാസ്തവത്തിൽ ദൈവ പുത്രനാണെങ്കിൽ സഭ അവനു വിധേയപ്പെട്ടിരിക്കേണ്ടിയിരിക്കുന്നു (യോഹന്നാൻ 20:30_31). അങ്ങനെയാണെങ്കിൽ എല്ലാ കാര്യത്തിലും സഭ യേശുക്രിസ്തുവിനു മുൻഗണന കൊടുക്കണം (കൊലൊസ്സ്യർ 1:18; മത്തായി 28:18). യേശു ഈ ചോദ്യം പരീശന്മാരോടു ചോദിക്കുന്നുണ്ട്. യേശു അവരോടു: ക്രിസ്തുവിനെ കുറിച്ചു നിങ്ങൾക്കു എന്തു തോന്നുന്നു ? അവൻ ആരുടെ പുത്രൻ എന്നു ചോദിച്ചു; ദാവീദിൻെറ പുത്രൻ എന്നു അവർ ഉത്തരം പറഞ്ഞു. അവർക്കു ശരിയായ ഉത്തരം പറവാൻ കഴിഞ്ഞില്ല.

ദൈവ വിശ്വസമില്ലാത്തവരും അന്ധ വിശ്വാസമുള്ളവരും യേശു ജീവിച്ചിരുന്നു എന്ന കാര്യത്തിൽ യോജിക്കുന്നു. ബൈബിളിൽ അവനെ കുറിച്ചു പ്രതിപാദിക്കുന്നത് മനസിലാകാത്തവരും ഈ കാര്യം സമ്മതിക്കുന്നു. ചരിത്ര സ്പന്ദനം പോലും യേശുവിനെ മാററി നിർത്തിയാൽ അസാദ്ധ്യമെന്നു ചരിത്രകാരന്മാർ സമ്മതിക്കും. വിരോധികൾ ധാരാളം എതിരഭിപ്രായങ്ങൾ പുറപ്പെടുവിക്കുന്നുണ്ട് എങ്കിലും അവ പരസ്പര വിരുദ്ധമാണ്. തെളിവുകളും ദൃക്സാക്ഷികളും നല്കുന്ന സൂചനകൾ എല്ലാം അവൻ ജീവിച്ചിരുന്നു എന്ന പരമാർത്ഥത്തെ സ്ഥിരീകരിക്കയാണ്. യേശുവിനെ വിശ്വസിക്കാതെ തള്ളിക്കളഞ്ഞ യെഹൂദന്മാരും പുറജാതിക്കാരും യേശുവിൻെറ ജീവ ചരിത്രത്തെ അംഗീകരിക്കുന്നവരാണ്. യേശുവിൻെറ കാലയളവിൽ ജീവിച്ചിരുന്ന യെഹൂദ ചരിത്രകാരന്മാർക്കു യേശുവിൻെറ ജീവിതത്തെ രേഖപ്പെടുത്താതിരിക്കാൻ കഴിഞ്ഞില്ല. ദൈവ പദ്ധതിയനുസരിച്ചു വന്നു പ്രവർത്തിച്ച യേശുവിനെ ജനങ്ങൾ എങ്ങനെ കാണുന്നുവെന്നത

പ്ര മുഖ്യം; പിന്നെയോ അവൻെറ നിലനില്പിനെയും ജീവിതത്തെയും ആർക്കും നിഷേധിക്കാൻ കഴിയാത്തവണ്ണം വെളിപ്പെടുത്തിയിരിക്കയാണ്.

യെഹൂദ ചരിത്രകാരനായിരുന്ന ജോസെഫസ് തൻെറ ''ആൻറിക്വിററിസ്'' എന്ന ഗ്രന്ഥത്തിൽ ജ്ഞാനിയായ യേശു ജീവിച്ചിരുന്നു എന്നും, അത്ഭുത പ്രവർത്തികൾ ചെയ്ത ഒരു ഗുരുവായിരുന്നു എന്നും അവനിൽ സത്യം മാത്രമെ ഉണ്ടായിരുന്നുള്ളു എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ യെഹൂദന്മാരും ജാതികളും ആയ അനവധി പേർ അവനെ അനുഗമിച്ചിരുന്നു എന്നും പറയുന്നു. മഹാപുരോഹിതന്മാർ അവനെ ക്രൂശിൽ തറെപ്പിക്കുവാൻ പിലാത്തോസിനു ഏല്പിച്ചു കൊടുത്തുവെങ്കിലും അവൻ മൂന്നാം നാൾ ഉയിർത്തെഴുന്നേററു. പ്രവാചകന്മാർ അരുളിച്ചെയ്തതനുസരിച്ചായിരുന്നു ഈ സംഭവങ്ങളെല്ലാം എന്നും അദ്ദേഹം ആ പുസ്തകത്തിൽ വിവരിച്ചിട്ടുണ്ട് (ബുക്ക് 18, മൂന്നാം അദ്ധ്യായം ഭാഗം 3). ദൈവം അയച്ച പുരുഷനായ യേശു ആയിരുന്നു അവൻ എന്നു വിശ്വസിക്കത്തക്ക തെളിവാണിത്.

മനുഷ്യ രക്ഷക്കായി മനുഷ്യ വേഷമെടുത്തു വന്ന ദൈവ പുത്രനായ യേശുവിൻെറ ജീവിതത്തെയും പ്രവർത്തിയെയും സംശയലേശമെന്യേ വിശ്വസിക്കാം. യേശു ഒരു സാങ്കല്പിക കഥാപാത്രമായിരുന്നില്ല. അന്ധമായി അവനെ വിശ്വസിക്കുവാൻ ദൈവം പറഞ്ഞിട്ടില്ല. ദൈവം തന്നെ കുറിച്ചു സാക്ഷ്യം തന്നിട്ടുണ്ട്. വചനം സത്യമാണെന്നു തെളിയിക്കപ്പെട്ടതാണ്. ഇന്നും പല കണ്ടുപിടിത്തങ്ങളും ബൈബിളിനെ വിശ്വസിപ്പിക്കുന്നതാണ്. ശാസ്ത്രത്തിൻെറ നിലനില്പും ദൈവത്തിൻെറ അറിവോടെയും ജ്ഞാനത്തോടെയും ആണെന്നു തിരുവെഴുത്തു തെളിയിക്കുന്നു. യേശുവിൽ വിശ്വസിക്കാത്തവർ പോലും, അവൻ പഠിപ്പിച്ച പല തത്വങ്ങളും ശരിയാണെ

ന്നു സമ്മതിക്കുന്നുണ്ട്. ലോകത്തിൽ നടന്നുകൊണ്ടിരിക്കുന്ന സംഭവ വികാസങ്ങൾ കണ്ടുകൊണ്ടു ആളുകൾ പറയും അതു ബൈബിളിൽ പറഞ്ഞിരിക്കുന്നതാണ് പിന്നെ അങ്ങനെ വരാതിരിക്കുമോ എന്ന്. യേശു പാപികളെ രക്ഷിപ്പാൻ വന്നു എന്നതു വിശ്വാസയോഗ്യമായ വചനം തന്നെയാണ്. അവന്റെ ഉപദേശങ്ങൾ അത്രയും സത്യമത്രെ. അവനിൽ വിശ്വാസം അർപ്പിക്കുന്നവരെ അവൻ ഉപേക്ഷിക്കയില്ല, കൈവിടുകയുമില്ല (എബ്രായർ 13:5).

ഇനി യേശു ജീവിച്ചിരുന്നു എന്നു വിശ്വസിക്കുന്നവരും എന്നാൽ അവന്റെ ദൈവികത്വത്തെ അംഗീകരിക്കാത്തവരുമായവരുടെ കാര്യം എടുക്കാം. യേശു വെറുമൊരു മനുഷ്യൻ മാത്രമായിരുന്നോ അതോ ദൈവവുമായിരുന്നോ? ഇതിനുത്തരം കണ്ടെത്താം. പുതിയ നിയമ കാലയളവിൽ യേശുവിന്റെ ദൈവികത്വത്തെ നിഷേധിച്ചിരുന്നവർ ഉണ്ടായിരുന്നു അവരെ എതിർ ക്രിസ്തുക്കൾ എന്നാണ് വിളിച്ചിരുന്നത്. അവർ അനേകർ ആയിരുന്നു താനും (1 യോഹന്നാൻ 2:18, 22; 4:3; 2 യോഹന്നാൻ 7). യേശു ജഡത്തിൽ വസിച്ചിരുന്നു. ദൈവം ജഡത്തിൽ വന്നവനായിരുന്നു ക്രിസ്തു എന്നു വിശ്വസിക്കാതിരിക്കുന്നവരാണ് എതിർ ക്രിസ്തു എന്നു അറിയപ്പെടുന്നവർ. കള്ള പ്രവാചകന്മാരും തത്വ ചിന്തകന്മാരുമായ ഒരു കൂട്ടം ആളുകൾ യോഹന്നാന്റെ കാലയളവിൽ യേശുവിന്റെ ദൈവികത്വത്തെ നിഷേധിച്ചിരുന്നു. യേശുവിനെ സ്വീകരിക്കാത്ത യാതൊരാത്മാവും ദൈവത്തിൽ നിന്നുള്ളതല്ല. ക്രിസ്തു ജഡത്തിൽ വന്നു എന്നു വിശ്വസിക്കുന്നവരാണ് ദൈവാത്മാവുള്ളവർ. കള്ള പ്രവാചകന്മാർ ലോകത്തിലേക്കു വന്നിരിക്കയാൽ ക്രിസ്തുവിൽ വസിപ്പാനും ദുരുപദേശങ്ങളെ വിശ്വസിക്കാതിരിപ്പാനും ദൈവം തന്റെ ശക്തിയുള്ള, വിശ്വസനീയമായ വചനം തന്നിരിക്കുന്നു.

★

# യേശുവിനെ അന്വേഷിക്കൽ

## ജെറി മനാസ്കൊ

പല രീതിയിൽ പലതും അന്വേഷിക്കുന്നവരാണല്ലൊ നാം. അതിൽ വ്യക്തികളും വസ്തുക്കളും അടങ്ങുന്നുണ്ട്. ഒരു കൂട്ടം വിദ്വാന്മാർ ഒരുദ്ദേശവും അന്വേഷണവുമായിട്ടാണ് യെരുശലേമിൽ എത്തിയത്. യെഹൂദന്മാരുടെ രാജാവായി പിറന്നവൻ എവിടെ? ഞങ്ങൾ അവന്റെ നക്ഷത്രം കിഴക്കു കണ്ടു അവനെ നമസ്കരിപ്പാൻ വന്നിരിക്കുന്നു എന്നു പറഞ്ഞു (മത്തായി 2:2). യേശു ആ സമയത്തു ശിശുവായിരുന്നിട്ടും അവർ യേശുവിനെ അന്വേഷിച്ചിറങ്ങി. കാണുവാനുള്ള ഉൽക്കണ്ഠ മാത്രമായിരുന്നില്ല അവരുടേത്. ഒരു പ്രത്യേക ഉദ്ദേശത്തോടെയായിരുന്നു അവർ യേശുവിനെ അന്വേഷിച്ചത്. സമയം അടുത്തിരിക്കയാൽ അവർ യെരുശലേമിന്റെ പുതിയ രാജാവിനെ അന്വേഷിക്കയാണ്. സകല ദേശത്തിന്റേയും ആഗ്രഹം ലോകത്തിൽ പ്രവേശിച്ചിരിക്കയാണ്. മനുഷ്യ വർഗ്ഗത്തിന്റെ മുഴുവൻ പ്രത്യാശയും ഈ ഏക ജനനത്തിൽ അന്തർലീനമായിരിക്കുന്നു. ആകയാൽ ഈ മനുഷ്യർ ബേത്ലഹേമിൽ ജനിച്ച ശിശുവിനെ തേടി ഇറങ്ങി. അവരുടെ ഉള്ളിൽ ഏക ഉദ്ദേശവുമായിട്ടാണ് അവർ യേശുവിന്റെ അടുക്കൽ എത്തിയത്. മററു പലരും യേശുവിനെ അന്വേഷിക്കുന്നുണ്ട്; അവന്റെ സന്നിധിയിൽ എത്തുവാൻ ആഗ്രഹിക്കുന്നുണ്ട്. പക്ഷെ എന്തുദ്ദേശവുമായിട്ടാണ് എന്നു വിലയിരുത്തുക.

ഹെരോദാവു യേശുവിനെ അന്വേഷിക്കുന്നുണ്ട്. പക്ഷെ കാപട്യത്തോടുകൂടെയായിരുന്നു. ഹെരോദാവു വിദ്വാന്മാരോടു: നിങ്ങൾ ചെന്നു ശിശുവിനെ കുറിച്ചു സൂക്ഷ്മമായി അന്വേഷിപ്പിൻ; കണ്ടെത്തിയാൽ ഞാനും ചെന്നു അവനെ നമസ്കരിക്കേണ്ടതിനു വന്നു എന്നെ അറിയിപ്പിൻ എന്നു പറഞ്ഞു (മത്തായി 2:8). തന്റെ അഷ്

ട്രീയ നിലനില്പിനു ഭീഷണിയാകുമെന്നു വിചാരിച്ചു യേശുവിനെ ബാല്യത്തിൽ തന്നെ കൊല്ലുവാനായിരുന്നു അവൻെറ ഉദ്ദേശം (വാക്യം 13). സത്യം അന്വേഷിക്കുന്നു എന്ന വ്യാജേന ചിലർ ബൈബിളിലെ മനസിലാകാത്ത ചില വാക്യങ്ങളെ എടുത്തുകൊണ്ടു വൈരുദ്ധ്യങ്ങൾ അടങ്ങുന്നതാണ് ബൈബിൾ എന്നു പറയുന്നവരാണ് ഇവർ. അവരുടെ ഉദ്ദേശം ശുദ്ധമല്ല എന്നു അവരുടെ പ്രവർത്തി തെളിയിക്കുന്നു. യേശുവിനെ അന്വേഷിക്കുന്നവർ അവൻെറ ഹിതം പ്രവർത്തിക്കാതിരിക്കുന്നതും കാപട്യത്തോടു കൂടിയ ധിക്കാരമാണ്. ദൈവശാസ്ത്രീയമായ വചനത്തെ തള്ളിക്കളഞ്ഞുകൊണ്ടു യേശുവിനെ കണ്ടെത്താൻ ശ്രമിക്കുന്നതു ഉദ്ദേശ ശുദ്ധിയില്ലായ്മയെ കാണിക്കുന്നു. കന്യകാ ജനനം മുതൽ അവൻെറ ഉയിർത്തെഴുന്നേല്പുവരെയുള്ള സംഭവങ്ങൾ എല്ലാം തന്നെ ദൃക്സാക്ഷികളെ നിരത്തി പ്രതിപാദിച്ചിട്ടുണ്ട്. സത്യസന്ധരായ അന്വേഷകർക്കു അവനെ കണ്ടെത്താനും അനുഗ്രഹങ്ങൾ പ്രാപിക്കുവാനും കഴിയും.

മറിയയും യോസേഫും യേശുവിനെ അന്വേഷിക്കുന്നുണ്ട്. എന്നാൽ അവരുടെ അന്വേഷണം, യെരുശലേമിൽ പെസഹ ആഘോഷിക്കാൻ പോയപ്പോൾ അശ്രദ്ധ നിമിത്തം കാണാതായ പൈതലായ യേശുവിനെയായിരുന്നു. മറിയയും യോസേഫും യേശുവിനെ കാണാതായതു എന്തുകൊണ്ടാണ്? അവൻ ആൾകൂട്ടത്തിൽ എവിടെയെങ്കിലും കാണും എന്നു അവർ വിചാരിച്ചു (ലൂക്കൊസ് 2:44). അങ്ങനെ ഊഹിച്ചുകൊണ്ടു അവർ ഒരു ദിവസത്തെ യാത്ര കഴിച്ചു. പിന്നെ ബന്ധുക്കളുടേയും പരിചയക്കാരുടേയും ഇടയിൽ തിരഞ്ഞു. കാണാഞ്ഞിട്ടു അവനെ അന്വേഷിച്ചുകൊണ്ടു യെരുശലേമിലേക്കു മടങ്ങിപോയി. പന്ത്രണ്ടു വയസ് പ്രായമേ ബാലന്നു ഉണ്ടായിരുന്നുള്ളു. അവർ അവിടെ ചെന്നപ്പോൾ അവൻ യെരുശലേം ദേവാലയത്തിൽ ഇരിക്കുന്നതു കണ്ടു (വാക്യം 45-49). നീ ഞങ്ങളോടു ഇങ്ങനെ ചെയ്തതു എന്ത് എന്ന് അവർ അവനോടു

ചോദിച്ചതിനു അവൻ: എന്നെ തിരഞ്ഞതു എന്തിനു ? എന്റെ പിതാവിന്നുള്ളതിൽ ഞാൻ ഇരിക്കേണ്ടതു എന്നു നിങ്ങൾ അറിയുന്നില്ലയോ ? (വാക്യം 49). ഇതുപോലെയാണ് മതപരമായി പലരും. അവർ അറിയേണ്ടതു അറിയാതെ അവരുടെ സ്വന്ത വഴികളിൽ ഊന്നി നടക്കും (സദൃശവാക്യങ്ങൾ 14:12). യേശു അവരുടെ കൂട്ടത്തിൽ ഉണ്ടെന്നു അവർ ഊഹിക്കുകയാണ്. കാരണം മതപരമായ ചടങ്ങുകൾ അവർ ചെയ്യുന്നുണ്ടല്ലൊ എന്നതാണ് അവരുടെ ചിന്ത. പക്ഷെ യേശു തന്റെ പിതാവിന്നുള്ളതിൽ ആണ് എന്നു അവർ മനസിലാക്കുന്നില്ല. യേശുവിനെ നാം കണ്ടെത്തുന്നതു യഥാർത്ഥത്തിൽ അവന്റെ ആലയമാകുന്ന സഭയിലാണ്. അതു തിരിച്ചറിയാത്ത അനവധിപേർ ഇന്നുമുണ്ട്.

മഹാപുരോഹിതന്മാരും ശാസ്ത്രിമാരും യേശുവിനെ കുടുക്കുവാൻ ഉപായം അന്വേഷിച്ചു (ലൂക്കൊസ് 22:2). ഇതു പിന്നീടു കുറയുകയല്ല, കൂടുകയാണുണ്ടായതു. മരിച്ച ലാസറെ അവൻ ഉയിർപ്പിച്ചപ്പോൾ അതൊരു മഹാത്ഭുതമായി ജനങ്ങൾ കണ്ടു അവനിൽ വിശ്വസിച്ചു. ആർക്കും നിഷേധിക്കാനാകാത്ത വിധത്തിലായിരുന്നു അവന്റെ പ്രവൃത്തികൾ. യേശുവിന്റെ സ്വാധീന ശക്തി വർദ്ധിച്ചു വരുന്നതു അവർക്കു സഹിക്കാൻ കഴിഞ്ഞില്ല. ലാസർ നിമിത്തം അനേകർ യേശുവിൽ വിശ്വസിക്കാൻ തുടങ്ങിയതു കണ്ടപ്പോൾ അവർ ലാസറിനെയും കൊല്ലുവാൻ ആലോചിച്ചു (യോഹന്നാൻ 12:10). അവർ അവനെ എത്രമാത്രം വെറുത്തുവോ അത്ര മാത്രം വിരോധമായി എന്തും ചെയ്യുവാൻ അവർ തയ്യാറാകുന്നു. അവന്റെ സ്വാധീന ശക്തിയില്ലാതാവണമെന്നതാണ് അവരുടെ ഉന്നം. സഭയിലും ഇതു സംഭവിക്കാം. ഏതെങ്കിലും ഒരുപദേഷ്ടാവോ അദ്ധ്യക്ഷന്മാരിൽ ഒരുവനോ കൂടുതൽ ആദരിക്കപ്പെടുകയും സ്വാധീനിക്കപ്പെടുകയും ചെയ്യുമ്പോൾ അയാളെ തരം താഴ്ത്തുവാൻ എന്തും. പറയുവാനും ചെയ്യുവാനും തുനിയുന്നവർ ഉണ്ടായേക്കാം. സത്യത്തിനു വി

രോധമായുള്ള അത്തരം ശ്രമങ്ങൾ ഏതു സമയത്തും പ്രതീക്ഷിക്കാം.

അഞ്ചപ്പവും രണ്ടു മീനും കൊണ്ടു യേശു അയ്യായിരം പേരെ പോഷിപ്പിച്ചു അത്ഭുതം പ്രവർത്തിച്ചു. അവിടെ സന്നിഹിതരായിരുന്നവർ അവനെ അന്വേഷിച്ചു. പക്ഷെ അവരുടെ അന്വേഷണത്തിന്റെ ഉദ്ദേശം മറ്റൊന്നായിരുന്നു. അവർ അവനെ തിരഞ്ഞു കഫർന്നഹൂമിൽ എത്തി. യേശു അവരുടെ ഉദ്ദേശം വ്യക്തമാക്കുന്നുണ്ട്. ''ആമേൻ ആമേൻ ഞാൻ നിങ്ങളോടു പറയുന്നു; നിങ്ങൾ അടയാളം കണ്ടതുകൊണ്ടല്ല, അപ്പം തിന്നു തൃപ്തരായതുകൊണ്ടത്രേ എന്നെ അന്വേഷിക്കുന്നത്'' (യോഹന്നാൻ 6:24-26). നശിച്ചു പോകുന്ന ആഹാരത്തിനായിട്ടല്ല യേശുവിനെ അന്വേഷിക്കേണ്ടതു. പിന്നെയോ നിത്യജീവൻ പ്രാപിക്കുക എന്ന ലക്ഷ്യമായിരിക്കണം. ചിലർ അങ്ങനെയാണ് സഭയിൽ വരുന്നതു ഭൗതികമായ നേട്ടങ്ങൾക്കു വേണ്ടിയാണ് അതു ലഭിക്കാതെ വരുമ്പോൾ അവർ പൊയ്പോകും. അവർക്കു ദൈവത്തോടുള്ള കടമ അവർക്കു പ്രശ്നമല്ല. കൊടുക്കുന്നതിനേക്കാൾ ലഭിക്കണമെന്നതാണ് അവരുടെ മനസിൽ. ഇതും സത്യത്തിനു വിരോധം തന്നെ.

പെരുനാളിൽ നമസ്കരിപ്പാൻ വന്ന യവനന്മാരിൽ ചിലർ യേശുവിനെ കാണാൻ താല്പര്യം പ്രകടിപ്പിച്ചു. അവർ ആരായിരുന്നാലും, യെഹൂദന്മാർ യേശുവിനെ തള്ളിക്കളഞ്ഞു ക്രൂശിൽ തറെപ്പിച്ചു കൊല്ലുവാൻ ശ്രമിക്കുമ്പോൾ പുറത്തുള്ളവർ യേശുവിനെ കാണാൻ ആഗ്രഹിക്കയാണ്. ''എന്നെ അന്വേഷിക്കാത്തവർ എന്നെ കണ്ടെത്തി; എന്നെ ചോദിക്കാത്തവർക്കു ഞാൻ പ്രത്യക്ഷനായി എന്ന പ്രവചനം നിവർത്തിയായി (യെശയ്യാവ് 65:1; റോമർ 10:20).

★

# നാം ലോകത്തിലാണ് ജീവിക്കുന്നതു

## ജെയിസൺ റോബർട്ട്സ്

പലരും പറഞ്ഞു കേൾക്കാറുള്ള ഒരു പ്രസ്താവനയാണിത്. ഞാൻ ലോകത്തിലാണ് ജീവിക്കുന്നത്, സമൂഹത്തിലാണ് ജീവിക്കുന്നത് എന്നെല്ലാം സാധാരണ പറഞ്ഞു കേൾക്കാറുണ്ട്. ചില കുട്ടികൾ മാതാപിതാക്കളുടെ സമ്മത പത്രത്തോടെ ചെറിയ കാര്യങ്ങൾ ചെയ്യുന്നു. അതില്ലാതെ തന്നെ വലിയ കാര്യങ്ങൾ ചെയ്യുന്നുണ്ട്. ഔചിത്യ പൂർവ്വവും അനൗചിത്യ പൂർവ്വവും സംസാരിക്കയും പെരുമാറുകയും ചെയ്യുന്ന സമൂഹത്തിലാണ് നാം ജീവിക്കുന്നത്. നാം ചുററും കണ്ണോടിക്കുമ്പോൾ മതിലുകളിലും വീടുകളിലും ചുവരുകളിൽ വേദവാക്യങ്ങൾ എഴുതി വച്ചിരിക്കുന്നതു കാണാം. അതിനുള്ളിൽ വസിക്കുന്ന ആളുകൾക്കു അതുമായി ബന്ധമില്ലെന്നതു വേറെ കാര്യം. ചില ആരാധനാലയവും വ്യത്യസ്ഥമല്ല. ആണോട് ആണ്, പെണ്ണോട് പെണ്ണ് അവലക്ഷണമായി പ്രവർത്തിക്കുന്നു. ദൈവം വെറുക്കുകയും വിലക്കുകയും ചെയ്തിരിക്കുന്ന കുലപാതകവും വ്യഭിചാരവും തൊഴിലാക്കിയിരിക്കുന്ന ലോകത്തിലാണ് നാം ജീവിക്കുന്നത്. അസാന്മാർഗീക ജീവിത രീതിയെ സമൂഹം താലോലിക്കുന്നു. അഴിമതി ആവശ്യ ഘടകമായി ആളുകൾ കണക്കാക്കിയിരിക്കുന്നു. ധാർമ്മിക നിലവാരത്തെ ഭൂരിഭാഗം പേരും ചേർന്നു പഴഞ്ചനാക്കി തീർത്തിരിക്കുന്നു. നന്മയെ തിന്മയായും തിന്മയെ നന്മയായും ചിത്രീകരിക്കുന്ന ലോകത്തിലാണ് നാം ജീവിക്കുന്നത് (മത്തായി 7:13-14, 21, 23). യേശുക്രിസ്തു ദൈവ പുത്രനായി ജനിക്കുന്നതു അങ്ങനെയുള്ള ലോകത്തിലായിരുന്നു.

മുൻപ് വെറുത്തിരുന്ന പുകവലിയും മദ്യവും ഇന്നു ആദരിക്കപ്പെടുന്നവയായി മാറിയിരിക്കുന്നു. ഇന്നെത്ത

ആളുകൾ അതെല്ലാം ഒരു ഫാഷനായി കണക്കാക്കുന്നു. ശരീരത്തെയും മനസിനെയും ആത്മാവിനെയും നശിപ്പിക്കുന്ന ഇതുപോലെയുളള ധാരാളം ദുസ്വഭാവങ്ങൾ പലരിലും കാണുന്നുണ്ട്. മാദ്ധ്യമങ്ങളിൽ ദൃശ്യമാകുന്ന പലതും പ്രായമുളളവർക്കു ലജ്ജ ഉളവാക്കുന്നതാണ്. ഡാൻസും പാട്ടുമെല്ലാം കലയെ പ്രോത്സാഹിപ്പിക്കുന്ന ഒന്നായിരുന്നു പണ്ട്. ഇപ്പോൾ അതു വ്യവസായമായി മാറി കഴിഞ്ഞു. അന്യ ജഡമോഹം പണ്ടു തന്നേയുള്ളതാണെങ്കിലും തീരാരോഗത്തിലേക്കു നയിക്കത്തക്കവണ്ണം അധഃപതിച്ചിരിക്കുന്നതു ഇപ്പോഴാണ്. എയിഡ്സ് തുടങ്ങിയ രോഗങ്ങൾ ബാധിച്ച യുവതീയുവാക്കൾ അകാല ചരമമടയുന്ന ലോകത്തിലാണ് നാം ജീവിക്കുന്നത്. ഒരിക്കൽ സോദോമും ഗൊമോറയുമായിരുന്നു മ്ലേഛത നിറഞ്ഞ പട്ടണങ്ങൾ. പക്ഷെ ഇന്നത്തെ അവസ്ഥ എന്താണ് ? എല്ലാ രാജ്യങ്ങളിലും സർവ്വത്ര മ്ലേഛതയാണ്. ചുരുക്കി പറഞ്ഞാൽ മുൻപുണ്ടായിരുന്നവർ ജീവിച്ചിരുന്നത് പാപമുള്ള ലോകത്തിലായിരുന്നുവെങ്കിൽ നാം ഇന്നു ജീവിക്കുന്നതു പാപം നിറഞ്ഞ ലോകത്തിലാണ്. ലോകത്തിന്റെ കുഴപ്പമാണോ ? ജനങ്ങളുടെമനസിൽ ദൈവത്തിനോ സത്യത്തിനോ സ്ഥാനമില്ലാത്തതാണ് കാരണം.

പരിശുദ്ധിക്കോ വിശുദ്ധിക്കോ വലിയ പ്രാധാന്യം കൊടുക്കാത്തവരാണ് അധികവും. കുടുംബ മഹിമ എന്നതു ഒരു പഴയ പദപ്രയോഗമായി മാറിയിരിക്കുന്നു. വാർദ്ധക്യത്തിലെത്തിയ മാതാപിതാക്കളെ ബഹുമാനിക്കയും അവരെ പ്രത്യേകമായ പരിഗണന കൊടുത്ത് സംരക്ഷിക്കയും ചെയ്തിരുന്നു. ഇന്നോ പ്രായമായവർ ഒരു ഭാരമായി തോന്നുന്ന കാലഘട്ടമാണ്. യുവ തലമുറ അവരെ സംരക്ഷിക്കുവാൻ വൃദ്ധ സദനങ്ങൾ അന്വേഷിച്ചു കണ്ടെത്തും. നിസ്വാർത്ഥത തേഞ്ഞുമാഞ്ഞു സ്വാർത്ഥതയായി കണപ്പെടുന്നു. ദൈവം എന്താണ് പറഞ്ഞിരിക്കുന്നതു ? അനാഥരെയും വിധവമാരെയും അവരുടെ സങ്ക

ടങ്ങളിൽ ചെന്നു കാണണം; അവർക്കു വേണ്ട സഹായം കൊടുക്കണം (യാക്കോബ് 1:27). തന്നേക്കാൾ പ്രായമുള്ളവരെ അപ്പനെയും അമ്മയെയും പോലെ ബഹുമാനിക്കണമെന്നാണ്. പക്ഷെ അതെല്ലാം ആരാണ് കേൾക്കുന്നത്. അപ്പനെയും അമ്മയെയും അനുസരിക്കുന്ന തലമുറയായിരുന്നു മുൻപുണ്ടായിരുന്നത് എങ്കിൽ ഇന്നോ അവരെ ധിക്കരിക്കുന്നവരാണ് അധികവും. ഈ അനീതിയും മത്സരവും എത്ര കാലം നീണ്ടു പോകും ? ഇതിന്റെ അവസാനം എന്ത് എന്നു ചിന്തിക്കുക. പരിജ്ഞാനമില്ലാതെ എന്റെ ജനം നശിച്ചു പോകുന്നു എന്നത്രെ ഹോശെയാവിന്റെ കാലത്തു ദൈവം അരുളിച്ചെയ്തതു (ഹോശെയാ 4:6). ദേശത്തിൽ അകൃത്യം നിറഞ്ഞതുകൊണ്ടാണ് അവർ സങ്കടപ്പെട്ടു കരയുന്നതു എന്നു അതേ പ്രവാചകൻ പറഞ്ഞിരിക്കുന്നു (ഹോശേയാ 4:1-3). നീതി ഒരു ദേശത്തെ ഉയർത്തുമെങ്കിൽ പാപം ജനങ്ങളെ നിന്ദിക്കുന്നു. അല്ലെങ്കിൽ അപമാനം വരുത്തുന്നു.

നിയമങ്ങൾ പ്രമാണിക്കുവാൻ മനുഷ്യനു ആന്തരികമായ സ്നേഹമെന്ന സ്വഭാവം ആവശ്യമാണ് (യോഹന്നാൻ 14:15). നീതിയും വിശുദ്ധിയുമാണ് ഏതൊരാൾക്കും ദൈവ മുൻപാകെ വേണ്ടത്. നമുക്കു ചുററുപാടും വസിക്കുന്നവരിൽ മിക്കവരിലും ഇല്ലാത്തതായ ഈ സ്വഭാവം വളർത്തിയെടുക്കുവാനുള്ള ഉത്തരവാദിത്വം നമ്മിൽ ഉണ്ട്. ആത്മാക്കളെ രക്ഷിപ്പാൻ കഴിയുന്ന വചനമാണ് നാം ലോകത്തിലുള്ള ആളുകൾക്കു നല്കേണ്ടതു (യാക്കോബ് 1:21). കാഠിന്യമുള്ള മനുഷ്യ ഹൃദയം മലർക്കെ തുറക്കുവാൻ പര്യാപ്തമായ, ഒന്നാണ് ശക്തിയുള്ള സുവിശേഷം (റോമർ 1:16; എബ്രായർ 4:12). നാം ആത്മാവിന്റെ വാൾ എടുക്കുവാൻ തയ്യാറുണ്ടോ എന്നതാണ് ചോദ്യം (എഫെസ്യർ 6:17). നാം അതു മററുള്ളവർക്കു കൊടുക്കണം. മൂടി വെക്കുവാനല്ല, ദാനം ചെയ്യുക. സൗജന്യമായി ലഭിച്ചു. സൗജന്യമായി കൊടുക്കുക. കർത്താവിനു വേണ്ടി വേല ചെയ്യുവാൻ തിരഞ്ഞെടുത്തിരിക്കുന്ന നാം അതു

ചെയ്യാതിരിക്കുന്നതുകൊണ്ടല്ലേ ലോകത്തിൽ ഇത്രയും അകൃത്യം നിറഞ്ഞിരിക്കുന്നത് ? ആകയാൽ നമുക്ക് വയലിൽ ഇറങ്ങി വിത്തു വിതെക്കാം.

കലക്കത്തിലും പരിഭ്രമത്തിലും അനിശ്ചിതാവസ്ഥയിലുമാണ് ലോകം ഇന്ന്. എങ്കിലും നീതിമാന്മാരായ ചില വ്യക്തികൾ വചനമെന്ന സത്യത്തെ മുറുകെ പിടിച്ചിരിക്കുന്നവരുണ്ട്. സ്നേഹിക്കുന്നവരും സത്യസന്ധരും നല്ല സ്വീകാരം മുറുകെ പിടിച്ചിരിക്കുന്നവരുമാണ് അവർ (ഫിലിപ്പിയർ 4:8). ഇരുട്ടിൽ തപ്പി നടക്കുന്നവർക്കു നാം പ്രകാശം കൊടുക്കണം. മലമേൽ ശോഭിക്കുന്ന പട്ടണമായി നാം മാറണം (മത്തായി 5:16). നിരാശയിലാണ്ടിരിക്കുന്നവർക്കു പ്രത്യാശ പകരണം. പരാജയ ഭീതി പൂണ്ടിരിക്കുന്നവർക്കു വിജയിക്കുവാനുള്ള വഴി കാണിച്ചു കൊടുക്കണം. നമ്മുടെ കർത്താവായ യേശുക്രിസ്തു മൂലം അതു സാദ്ധ്യമത്രേ.

നമ്മിൽ പലരും ദൈവ വചനത്തോടു മുൻപു കാണിച്ചിരുന്ന മനോഭാവമാണ് ലോകത്തിലുള്ളവർ ഇന്നു കാണിക്കുന്നത്. ആദ്യം ദൈവത്തെ ഉപേക്ഷിക്കുന്നു. പിന്നെ ഉപദേശത്തെ വിട്ടു കളയുന്നു. അതിനുശേഷം ധാർമ്മികം കൈവിടുന്നു. ദൈവത്തെ അറിയാതിരിക്കുന്നതും ദൈവത്തിനു മഹത്വം കരേററാതിരിക്കുന്നതും അകൃത്യമത്രേ. ദൈവത്തിനും സത്യത്തിനും പകരമായി മറെറാന്നുമില്ല. ലോകത്തെയും ലോകത്തിലുള്ളതിനെയും വെറുത്തുകൊണ്ട് ദൈവത്തെ അറിഞ്ഞു അവനെ സ്നേഹിച്ചു, ബഹുമാനിച്ച്, അനുസരിച്ച്, ആരാധിച്ച് ജീവിക്കുവാനായി നാം ആളുകളെ പഠിപ്പിക്കണം. അങ്ങനെ ഈ ലോകത്തിലെ ശോചനീയാവസ്ഥക്കു ഭംഗം വരുത്താം. സത്യക്രിസ്ത്യാനിയായി തീർന്ന ഓരോരുത്തർക്കും അവൻെറ പങ്കു വഹിക്കാനുണ്ട്. അതു മറക്കാതിരിക്കുക (യെഹസ്കേൽ 3:13).

★

# പ്രപഞ്ചം

E.K. കൊച്ചുകുഞ്ഞ്, തേപ്പുപാറ

പ്രപഞ്ചവീഥിയിൽ ചുററിക്കറങ്ങുന്ന,
ജോതിർഗോളങ്ങളേ നില്ക്കു നീ അല്പം.
കേൾക്കട്ടെനിങ്ങടെ പുന്നാരവാർത്തകൾ
എങ്ങുനിന്നെങ്ങനെ ആരംഭമാകുമേ.

സൃഷ്ടിനടന്നപ്പോൾ ചുററൽതുടങ്ങിയും,
തട്ടാതെമുട്ടാതെ ചുററിക്കറങ്ങിയും.
കാലങ്ങളിത്രയും ചുററിക്കടന്നുപോയ്
ഇന്തനവും പിന്നെ പിന്നിട്ടുചെന്നത്.

പഞ്ചഭൂതങ്ങളെ പൂജിച്ചുണർത്തുന്ന,
നെഞ്ചകംപൊട്ടുന്ന വിസ്മയലോകമേ.
നിന്നെമെനഞ്ഞവൻ ആരെന്നറിയുമോ,
കണ്ണിനു കാണുവാൻ പററാതെകൂട്ടരേ.

ഏതും ചമപ്പാൻ ഒരാളുണ്ടുവേണമേ
സർവ്വവും ചമച്ചവൻ ദൈവം തന്നാകുമേ.

★

# യേശു വെള്ളം വീഞ്ഞാക്കി മാറ്റിയോ ?

## ഗ്ലെൻ കോളെ

മദ്യലഹരിയിൽ ആസ്വദിച്ചു കുടിക്കുന്നവർ ചിലർ അവർക്ക് അതിനുള്ള സ്വാതന്ത്ര്യമുണ്ടെന്നു വാദിക്കാറുണ്ട്. അതിനു ഈ വേദഭാഗം അവർ എടുത്തു കാണിക്കാറുണ്ട് (യോഹന്നാൻ 2:1_11). സന്ദർഭമോ സംഭവമോ യാഥർത്ഥ്യ ബോധത്തോടെ ഗ്രഹിക്കാത്തവരും തങ്ങളുടെ തെററിനെ ന്യായീകരിക്കുന്നവരുമാണ് അങ്ങനെ ചെയ്യുന്നത്. ഈ അദ്ധ്യായത്തിൽ വിവരിക്കുന്നതു, ഭൂമിയിൽ വെച്ച് യേശു ചെയ്ത ആദ്യത്തെ അത്ഭുതമായിട്ടാണ്. വെള്ളം വീഞ്ഞാക്കി മാററി ഗലീലയിലെ കാനാവിൽ ഒരു വീട്ടിലെ കല്ല്യാണ വിരുന്നിൽ വീഞ്ഞ് തികയാതെ വന്നപ്പോൾ അവൻ അവർക്കു വേണ്ടി ചെയ്തതാണിത്. സാമൂഹ്യമായ ആവശ്യങ്ങൾക്കു മദ്യം ആകാം എന്ന വാദഗതി ഇതിൽ നിന്നും ആളുകൾ നടത്താറുണ്ട്. യേശു ചെയ്ത പ്രവർത്തികൾ, അത്ഭുതങ്ങൾ എന്നിവ പ്രത്യേകമായ ഉദ്ദേശത്തോടുകൂടെയായിരുന്നു. ഇവിടെയും അവൻ ചെയ്ത ഈ അത്ഭുതം, തന്റെ മഹത്വം വെളിപ്പെടുത്തുന്നതിനു വേണ്ടിയായിരുന്നു.

മൂന്നാം നാൾ ഗലീലയിലെ കാനാവിൽ ഒരു കല്ല്യാണം ഉണ്ടായി; യേശുവിന്റെ അമ്മ അവിടെയുണ്ടായിരുന്നു. യേശുവിനെയും ശിഷ്യന്മാരെയും കല്ല്യാണത്തിനു ക്ഷണിച്ചിരുന്നു. വീഞ്ഞു പോരാതെ വരികയാൽ യേശുവിന്റെ അമ്മ അവനോടു: അവർക്കു വീഞ്ഞു ഇല്ല എന്നു പറഞ്ഞു യേശു അവളോടു: സ്ത്രീയേ എനിക്കും നിനക്കും തമ്മിൽ എന്ത് ? എന്റെ നാഴിക ഇതുവരെ വന്നിട്ടില്ല എന്നു പറഞ്ഞു. അവന്റെ അമ്മ ശുശ്രൂഷക്കാരോടു: അവൻ നിങ്ങളോടു എന്തെങ്കിലും കല്പിച്ചാൽ അതു ചെയ്വിൻ എ

ന്നു പറഞ്ഞു. അവിടെ യെഹൂദന്മാരുടെ ശുദ്ധീകരണ നിയമം അനുസരിച്ചു രണ്ടോ മൂന്നോ പറ വീതം കൊള്ളുന്ന ആറു കല്പാത്രം ഉണ്ടായിരുന്നു. യേശു അവരോടു ഈ പാത്രങ്ങളിൽ വെള്ളം നിറെപ്പിൻ എന്നു പറഞ്ഞു: അവർ വക്കോളം നിറെച്ചു. ഇപ്പോൾ കോരി വിരുന്നു വാഴിക്കു കൊണ്ടുപോയി കൊടുപ്പിൻ എന്നു അവൻ പറഞ്ഞു; അവർ കൊണ്ടുപോയി കൊടുത്തു. അതു എവിടെ നിന്നു എന്നു വെള്ളം കോരിയ ശുശ്രൂഷക്കാരല്ലാതെ വിരുന്നു വാഴി അറിഞ്ഞില്ല. വീഞ്ഞായി തീർന്ന വെള്ളം വിരുന്നുവാഴി രുചിച്ചു നോക്കിയാറെ മണവാളനെ വിളിച്ചു; എല്ലാവരും ആദ്യം നല്ല വീഞ്ഞും ലഹരി പിടിച്ചശേഷം ഇളപ്പമായതും കൊടുക്കുമാറുണ്ട്. നീ നല്ല വീഞ്ഞു ഇതുവരെയും സൂക്ഷിച്ചു വെച്ചുവല്ലൊ എന്നു പറഞ്ഞു. യേശു ഇതിനെ അടയാളങ്ങളുടെ ആരംഭമായി ഗലീലയിലെ കാനാവിൽ വെച്ചു ചെയ്തു തന്റെ മഹത്വം വെളിപ്പെടുത്തി (യോഹന്നാൻ 2:1-11).

യേശു വെള്ളം വീഞ്ഞാക്കി മാററി എന്നതു പരമാർത്ഥമാണ്. വീഞ്ഞ് എന്നു പറയുന്നതു മദ്യമല്ല എന്നു നമുക്കറിയാം. എന്നാൽ അതു അധികം കഴിച്ചാൽ ലഹരി പിടിക്കും. പക്ഷെ യേശു ഉണ്ടാക്കിയതു മത്തു പിടിക്കുന്ന മദ്യമായിരുന്നില്ല. യേശു അതു ചെയ്ത ഉദ്ദേശം വ്യക്തമാണ്. അതിന്റെ ഗുണ നിലവാരവും ഏററവും ഉയർന്നതായിരുന്നു.

ഇതു മനസിൽ വെച്ചുകൊണ്ടു പുതിയ നിയമത്തിൽ ഉപയോഗിച്ചിട്ടുള്ള പദ പ്രയോഗവും അതിന്റെ അർത്ഥവും പരിശോധിക്കാം. മൂല ഭാഷയിൽ ഈ പദത്തിനു ഉപയോഗിച്ച വാക്ക് 'ഓയിനോസ്' എന്നത്രെ. വീഞ്ഞെന്നു കേൾക്കുമ്പോഴേക്കും അതു ലഹരി പദാർത്ഥമെന്നു വിധിച്ചുകളയരുത്. ബൈബിളിൽ ലഹരിയുള്ളതും ഇല്ലാത്തതുമായ രീതിയിൽ വീഞ്ഞ് എന്ന പദം ഉപയോഗിച്ചിട്ടുണ്ട്. സന്ദർഭം അനുസരിച്ച് അർത്ഥം വെളിവാക്കു

ന്നു. പഴയ നിയമത്തിൽ ഉപയോഗിച്ചിരുന്ന ചില അവ സരങ്ങളിലെ വീഞ്ഞ്, മുന്തിരിച്ചാർ മാത്രമായിരുന്നു. എബ്രായ പദമായ ''ടൈറോഷ്'' ആണ് വീഞ്ഞിനു ഉപയോഗിച്ചിരുന്നത്. ഉദാഹരണമായി സദൃശവാക്യത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതു ശ്രദ്ധിക്കുക. അങ്ങനെ നിന്റെ കളപ്പുരകൾ സമൃദ്ധിയായി നിറയും. നിന്റെ ചക്കുകളിൽ വീഞ്ഞു കവിഞ്ഞൊഴുകും (സദൃശവാക്യങ്ങൾ). യെശയ്യാവിന്റെ പുസ്തകത്തിലും ഇതേ ഉപയോഗം കാണാം. യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു. മുന്തിരിക്കുലയിൽ പുതു വീഞ്ഞു കണ്ടിട്ടു; നശിപ്പിക്കരുത്. ഒരനുഗ്രഹം അതിൽ ഉണ്ടെന്നു പറയുന്നതുപോലെ ഞാൻ എന്റെ ദാസന്മാർ നിമിത്തം പ്രവർത്തിക്കും (യെശയ്യാവ് 65:8).

ഇനി, യേശു ഉണ്ടാക്കിയ വീഞ്ഞിനു ലഹരിയുണ്ടായിരുന്നെങ്കിൽ ആറു കല്പാത്രങ്ങൾ നിറെക്കേണ്ട ആവശ്യം ഉദിക്കുന്നില്ല. ലഹരി പിടിപ്പിക്കത്തക്ക വീഞ്ഞ് ഒരിക്കലും യേശു അവർക്കു നല്കുകയില്ല. കാരണം വചനമായ ക്രിസ്തു വചനത്തിൽ തന്നെ നിഷേധിച്ചിരിക്കുന്ന ഒന്നാണ് മദ്യം. മദ്യപാനി ദൈവ രാജ്യത്തിൽ പ്രവേശിക്കയില്ല എന്നു വചനത്തിൽ മുന്നറിയിച്ചിട്ടുണ്ട്. വളരെ നല്ലൊരു വിരുന്നായിരുന്നു. ആ വിരുന്നിൽ ആളുകൾ ലഹരി പിടിക്കുവാൻ ഒരിക്കലും ദൈവം ആഗ്രഹിക്കുകയില്ല. ആകയാൽ യേശു അത്ഭുതകരമായി ഉണ്ടാക്കിയ വീഞ്ഞ് നല്ല ഗുണമുള്ള സാധാരണ വീഞ്ഞായിരുന്നു.

ഇന്നത്തെ സാമൂഹ്യ മദ്യപാനത്തെ ഒരിക്കലും നീതീകരിക്കാവുന്നതല്ല. യേശുക്രിസ്തു വെള്ളം വീഞ്ഞാക്കി എന്നതിന്റെ പേരിൽ മദ്യപാനത്തെ പ്രോത്സാഹിപ്പിക്കുന്നതു കുററകരമാണ്.

(ശേഷം അടുത്ത ലക്കത്തിൽ)

★

# ഒരു സഭ മറ്റേതുപോലെ നല്ലതോ?

**ഡാൽട്ടൺ കീ**

(കഴിഞ്ഞ ലക്കത്തിൻെറ തുടർച്ച)

അതു സത്യമാണെന്നു കേട്ടവർ വിശ്വസിച്ചു. അവരുടെ ഭാഗത്തു നിന്നും ചെയ്യേണ്ടതു അവർ ചെയ്തു. അതായതു അവരുടെ ആത്മരക്ഷക്കായി അവർ ദൈവ വചനം ആവശ്യപ്പെടുന്നതു അങ്ങനെ തന്നെ ചെയ്തു. രക്ഷിക്കപ്പെടുന്നവരെ ഒരു കൂട്ടമായി നിലനിർത്താനായിട്ടാണ് കർത്താവ് അവരെ സഭയിലേക്കു ചേർത്തുകൊണ്ടിരുന്നത്. അവർ ഛിന്നഭിന്നമായി പോകരുത് എന്നു കർത്താവു ആഗ്രഹിച്ചു. ലൂക്കോസിൻെറ വിവരണം യേശുക്രിസ്തുവിൻെറ അവസാനത്തെ പ്രാർത്ഥനയുമായി ബന്ധപ്പെട്ടു കിടക്കുന്നു. ക്രിസ്തുവിൽ വിശ്വസിപ്പാനുള്ളവർ ഒന്നായി തീരണമെന്നതായിരുന്നു ദൈവേഷ്ടം. അപ്പോൾ അതിൽ നാമധേയ ചിന്ത ഒരിക്കലും ഇല്ലായിരുന്നു.

ക്രിസ്തുവിനു ശരീരം ഒന്നു മാത്രമാണ്. ആ ശരീരമാണ് അവൻെറ സഭ. അവൻ പണിതതും അതു തന്നെ. ഒന്നിൽ നിന്നു വേർപിരിഞ്ഞ ശാഖകളായി അറിയപ്പെടാൻ ദൈവം ഉദ്ദേശിച്ചിട്ടില്ല. ദൈവ കല്പനകൾ കൈക്കൊള്ളുന്നവരെയാണ് ദൈവത്തിനിഷ്ടം. അവന്നു കീഴ്പ്പെട്ടു ജീവിക്കാൻ ധൈര്യം കാണിക്കുന്നവരെ കർത്താവു താങ്ങും. സഭയെന്ന ശരീരത്തിലേക്കു വ്യക്തികളായ സ്ത്രീപുരുഷന്മാരെ ശുദ്ധീകരിച്ചു കൂട്ടി ചേർക്കുകയാണ് ക്രിസ്തു. ഓരോ അവയവവും അതതിൻെറ പ്രവൃത്തി ചെയ്യേണ്ടതിനാണ് വ്യക്തികളെ ഇങ്ങനെ ഏക ശരീരത്തിലേക്കു കൂട്ടി ചേർക്കുന്നത്. ശരീരം ഒന്നു മാത്രമാണ്; രക്ഷിതാവും കർത്താവും ഒരുവൻ മാത്രം (എഫെസ്യർ 4:4). എപ്പോഴായാലും എവിടെയായാലും ദൈവ വചന

ത്തിനു കീഴ്പ്പെട്ടു ക്രിസ്തുവിൻെറ ആജ്ഞകൾ അനുസരിക്കാൻ സമർപ്പിക്കപ്പെട്ടവരെയാണ് ദൈവം തൻെറ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. ഭൗതികമായ രീതിയിൽ ചേർക്കപ്പെടുന്ന സംഘങ്ങൾ ഒന്നും ഇതിൽ പെടുന്നതല്ല. ഏക നിയമം ആണ് ഇതിൻെറ പൗരത്വത്തിലുള്ളവർക്കു അനുഷ്ഠിക്കാനുള്ളത്.

ഏതൊരു മനുഷ്യനെയും രക്ഷിക്കാനുള്ള അധികാരവും അവകാശവും ക്രിസ്തുവിനുണ്ട്. പക്ഷെ അവൻെറ ഉപദേശത്തിൽ പൂർണ്ണ വിശ്വാസം അർപ്പിക്കാത്തവരെ അവൻ എങ്ങനെ രക്ഷിക്കും ? അതു അസാദ്ധ്യമാണ്. ചിലർ വിശ്വസിക്കുന്നു എന്ന് അവകാശപ്പെടും പക്ഷെ അവൻ ചെയ്യാൻ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ചെയ്യുകയില്ല. മാനസാന്തരപ്പെടാൻ പറഞ്ഞിരിക്കുന്നതു പ്രവൃത്തി പഥത്തിൽ കൊണ്ടു വരികയില്ല. അപ്പോൾ പിന്നെ, അവരുടെ വിശ്വാസത്തിനു എന്തു ഫലം ? വേറെ ചിലരുണ്ട്. ക്രിസ്തുവിൻെറ ഉപദേശ പ്രകാരമുള്ള സ്നാനത്തിനു പകരം മനുഷ്യർ പഠിപ്പിക്കുന്ന സ്നാനമേല്ക്കും. എന്നിട്ടു അവർ ക്രിസ്ത്യാനികളായി തീർന്നു എന്നു കരുതും. പക്ഷെ ക്രിസ്തു അതു അംഗീകരിക്കാറില്ല എന്നു ഇവർ അറിയുന്നില്ല. ദൈവത്തെ അനുസരിക്കുന്നവർ ദൈവം പഠിപ്പിച്ചിരിക്കുന്നതു അങ്ങനെ തന്നെ അനുസരിക്കണം. മനുഷ്യർ പഠിപ്പിക്കുന്ന രീതിയിലല്ല ദൈവത്തെ പ്രസാദിപ്പിക്കേണ്ടത്. സഭയുടെ ഏക തല ക്രിസ്തുവാണ്. സഭയുടെ അധികാരിയുടെ അധികാരത്തെ എല്ലാവരും മാനിക്കണം (എഫെസ്യർ 1:22-23). ആകയാൽ ഏക സഭയാകുന്ന ക്രിസ്തുവിൻെറ സഭ എല്ലാ കാര്യത്തിലും അവനു കീഴ്പ്പെട്ടിരിക്കണം. വിശ്വാസത്തിൽ, പരിശീലനത്തിൽ ശുശ്രൂഷകളിൽ, ആരാധനയിൽ ഒക്കെ അങ്ങനെ തന്നെ വേണം (എഫെസ്യർ 5:24; കൊലൊസ്യർ 3:17).

ഈ കാര്യങ്ങൾ എല്ലാം ബൈബിളിൽ നിന്നു മനസിലാക്കിയാൽ ആർക്കു പറയാൻ കഴിയും എല്ലാ സഭകളും

ഒരുപോലെയാണെന്ന് ? അല്ലെങ്കിൽ ഒന്നു മറ്റൊന്നുപോലെയാണെന്ന് ? ആത്മാർത്ഥതയുള്ള ആർക്കും അങ്ങനെ പറയാൻ കഴിയുകയില്ല. തിരുവെഴുത്തിൽ പ്രതിപാദിച്ചിരിക്കുന്ന സത്യ സഭയിലാണോ നിങ്ങൾ ? അല്ലെങ്കിൽ കർത്താവിന്റെ സഭ കണ്ടെത്തി വിശുദ്ധന്മാരുമായി കൂട്ടായ്മ പുലർത്താൻ നിങ്ങൾ പരിശ്രമിക്കുക. അപ്പോൾ ആ വ്യത്യാസം നിങ്ങൾക്കു അനുഭവിക്കാൻ കഴിയും.

★

# വിത്തിന്റെ തത്വം

## ബോബ് ഡങ്കൻ

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

അതിലൊന്നും വലിയ കാര്യമില്ല എന്നു കരുതുന്നവരുണ്ട്. ദൈവത്തോടുള്ള ബന്ധം യാഥാർത്ഥ്യമായിരിക്കേണ്ടേ ? തീർച്ചയായും വേണം. ഇല്ലെങ്കിൽ നഷ്ടം നമ്മിലുള്ള ആത്മാവിനാണ്. മനുഷ്യർ അധികവും ഭോഷ്ക്കു വിശ്വസിച്ചിരിക്കയാണ്. ഭോഷ്ക്കിനെ സത്യമായി ഗണിച്ചിരിക്കുന്നവർ സത്യത്തെ ഭോഷ്ക്കായി മാത്രമെ കാണുകയുള്ളു. ഭൗതികമായ കാഴ്ച്ചപ്പാടിൽ ഒതുങ്ങുന്ന ഈ വിഭാഗങ്ങൾക്കൊന്നും ആരെയും ആത്മീയമായി രക്ഷിക്കാൻ സാദ്ധ്യമല്ല എന്നതു എടുത്തു പറയേണ്ടതു തന്നെ. വഞ്ചിക്കപ്പെട്ടിരിക്കുന്ന ആളുകൾ മോചിതരാകാതവണ്ണം അടിമകളാക്കപ്പെട്ടിരിക്കയാണ്.

ദൈവ വചനത്തിൽ ഇല്ലാത്ത ഏതെങ്കിലും നാമധേയ വിഭാഗത്തിൽപെടുന്ന ആളായിരുന്നു ഞാൻ എങ്കിൽ ഈ സത്യം മനസിലാക്കിയ ഉടനെ അതിൽ നിന്നു മോചനം നേടുവാൻ ആഗ്രഹിക്കും. കെടാത്ത ബീജമാകുന്ന ദൈവ വചനത്താലുള്ള ജനനം അവിടെ ലഭിക്കയില്ല. നമുക്കു ചുററും വ

ളരെയധികം സാമുദായിക കൂട്ടങ്ങൾ ഉണ്ട്. അവർ ക്രിസ്തുവിൽ വിശ്വാസം അർപ്പിച്ചിട്ടുള്ളവരാണ്. പക്ഷെ അവരുടെ അന്ത്യ സ്ഥാനം ക്രിസ്തു പറഞ്ഞ സ്വർഗ്ഗത്തിലെത്തുകയില്ല. ദൈവ വചനം എന്തു പറയുന്നു എന്നു പരിശോധിച്ച് അതങ്ങനെ തന്നെ ചെയ്താൽ ക്രിസ്തു വാഗ്ദാനം ചെയ്ത അന്തിമസ്ഥാനമായ സ്വർഗ്ഗത്തെത്താം. സ്വർഗ്ഗീയ പൌരത്വം തരുന്ന ദൈവത്തെ ഉപേക്ഷിച്ച് നശിച്ചു പോകുന്ന ഈ ലോകത്തിലെ ഏതൊരു ശ്രേഷ്ഠതക്കായാലും പോയാൽ അതു നഷ്ടമായിരിക്കും. ഈ ലോകം മുഴുവൻ നേടിയാലും ആത്മാവിനെ നഷ്ടമാക്കിയാൽ എന്തു പ്രയോജനം ? ദൈവത്തിന്റെ സത്യ വചനമാകുന്ന വിത്തു നല്ല ഹൃദയങ്ങളിൽ വീണാൽ ദൈവം ഉദ്ദേശിക്കുന്ന ഫലം പുറപ്പെടുവിക്കും. അതിനു സംശയമേയില്ല.

അതാതിന്റെ ഫലം പുറപ്പെടുവിക്കുന്ന വിത്തിന്റെ ഉപമ നമ്മെ പഠിപ്പിക്കുന്ന പാഠം മനസിലാക്കാൻ ഒരു ബുദ്ധിമുട്ടുമില്ല. വിത്തിൽ കലർപ്പുണ്ടായാൽ വളർന്നു വരുന്ന ചെടിയോ വൃക്ഷമോ എന്തായാലും അവ ഫലം പുറപ്പെടുവിക്കുമ്പോൾ തിരിച്ചറിയാം. അതുപോലെയാണ് ക്രിസ്തുവിൽ വിശ്വസിക്കുന്നു എന്നവകാശപ്പെടുന്ന നാമധേയ വിഭാഗങ്ങൾ അത്രയും. അവർ അറിയപ്പെടുന്ന പേരും അവരുടെ ഉപദേശങ്ങളും ആചാരങ്ങളും കർത്താവിന്റേതിൽ നിന്നും വിഭിന്നമാണ്. യഥാർത്ഥ സഭ ഒന്നേയുള്ളു. അതിനെ വിഭാഗിക്കരുത് എന്നാണ് ദൈവഹിതം. നിങ്ങൾ ആ ഏക സഭയിൽ അംഗമായി ദൈവത്താൽ അംഗീകരിക്കപ്പെടുവാൻ ആഗ്രഹിക്കുന്നില്ലേ ? വിത്താകുന്ന ദൈവ വചനം മായം ചേർക്കാതെ അനുസരിക്കുക മാത്രം ചെയ്യുക. അതാണ് ദൈവിക നിർദ്ദേശം.

★

**YOUR ATTENTION PLEASE !**

## Radio Srilanka Broadcasts

**ENGLISH -** The Voice of Truth - Speakers: **Reggi Gnanasundaram** and **J. C. Choate**
All correspondence should be sent to The Voice of Truth.
Post Box 3815, New Delhi - 110 049.
Fridays - 7.45 to 8.00 P.M.

**HINDI -** Satya Susamachar-Speaker. **Sunny David.**
All correspondence should be sent to
Satya-Susamachar.
Post Box 3815, New Delhi - 110 049.
Sundays - 8.45 to 9.00 P.M.
Tuesdays - 9.00 to 9.15 P.M.
Thursdays - 9.00 to 9.15 P.M.

**TELUGU -** The Voice of Truth-Speaker: **Joshua Gootam**
All correspondence should be sent to The Voice of Truth
Post Box 80, Kakinada - 533 001.
Sundays - 2.00 to 2.15 P.M.
Tuesdays - 2.00 to 2.15 P.M.
Thursdays - 2.00 to 2.15 P.M.

**TAMIL -** "The Way of Truth"-Speaker: **P. R. Swamy**
All correspondence should be sent to The Way of Truth
Post Box 8405, Bangalore - 560 084
Thursdays - 6.45 to 7.00 P.M.
Sundays - 6.45 to 7.00 P.M.

**MALAYALAM -** The Voice of Truth -Speaker: **P. K. Varghese**
All correspondence should be sent to Church of Christ
Trivandrum - 695 034, Kerala.
Fridays - 3.45 to 4.00 P.M.

**KANNADA -** The Voice of Truth - **Speaker : Robert Rathnakar** - Box. 448, Bangalore - 560 004
Sundays - 1.45 to 2.00 P.M.

**ALL ARE ENCOURAGED TO LISTEN**

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

---

Edited: Printed and Published by P. K. Varghese Church of Christ
Tvm : Printed at Joshah Printers, Trivandrum.

Reg: No. K. Dis 90095/86/ A8, Regd. No. KL/TV (N) 22

*you are cordially invited*
To Attend
**Services and Bible Studies**

Sunday - 10.00 a.m.
Tuesday - 6.30 p.m.

Meeting place

**CHURCH OF CHRIST BUILDING**
Sunny Meads Lane
Behind Sanskrit College, Palayam
Trivandrum - 695 034

All correspondence should be sent to the Editor Bible Truth, Church of Christ, Trivandrum - 34, Kerala, South India.

From
**THE BIBLE TRUTH**
**Church of Christ**
Behind Sanskrit College
Thiruvananthapuram - 695 034
Phone : 443378

To